# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3775

19.03.2018-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പ് മുഖേന ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പ് മുഖേന ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കാമോ;<br><br>ബി) ഇവ കൂടുതൽ വേഗത്തിൽ ലഭ്യമാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ;<br><br>സി) ഈ സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ ആയി നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്തുമോ? | എ) യും ബി) യും സി) യും രജിസ്ട്രേഷൻ വകുപ്പ് മുഖേന ലഭ്യമാകുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ടി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യവും, ഫീസ് ഒടുക്കുന്നതിലേയ്ക്കായി ഇ-പേയ്മെൻറ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് നേരിട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ വരാതെ തന്നെ ഡിജിറ്റൽ സിഗ്നേച്ചറോടു കൂടിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ